# MALANKARA CATHOLIC CHURCH

**ARCHDIOCESE OF TIRUVALLA**

**Most Rev. Dr. Thomas Mar Koorilos**
Metropolitan Archbishop of Tiruvalla

Archbishop's House
Marygiri, P. B. No. 4
Tiruvalla - 689 101

## Circular No. 5 / 2014

20-06-2014

**വന്ദ്യ കോർ എപ്പിസ്കോപ്പമാരേ, ബഹു. വൈദികരേ, സന്യസ്തരേ, സഹോദരങ്ങളേ**

നാടിന്റെ വളർച്ചയ്ക്കും മനുഷ്യന്റെ സമഗ്രമായ പുരോഗതിക്കും മലങ്കരസഭ എന്നും ഊന്നൽ കൊടുത്തിട്ടുണ്ടല്ലോ. ദീർഘനാളായ നമ്മുടെ ഒരു ആഗ്രഹം സഫലമാകുന്നു എന്ന് സന്തോഷത്തോടെ നിങ്ങളെ അറിയിക്കുന്നു. ഹൈറേഞ്ച് മേഖലയുടെ വളർച്ചയും അവിടെയുള്ളവരുടെ തുടർ വിദ്യാഭ്യാസവും കണക്കിലെടുത്ത് നാം രൂപകൽപ്പന ചെയ്ത സഹ്യജ്യോതി കോളജ് ഈ അദ്ധ്യയന വർഷം തന്നെ ആരംഭിക്കുന്നു. ബന്ധപ്പെട്ട അധികാരികളിൽ നിന്നെല്ലാം നമുക്കു അനുവാദം ലഭിച്ചിരിക്കുന്നു എന്ന് സസന്തോഷം അറിയിക്കുന്നു. കുമളി സെന്റ് മേരീസ് ഇടവകയോടു ചേർന്നുള്ള സ്ഥലത്താണ് കോളജിനുള്ള കെട്ടിടങ്ങൾ പണിതിരിക്കുന്നത്. നമ്മുടെ മക്കൾക്കും ഗുണനിലവാരമുള്ള വിദ്യാഭ്യാസം ആഗ്രഹിക്കുന്നവരുമായ വിദ്യാർത്ഥി - വിദ്യാർത്ഥിനികൾക്കും അവിടെ പഠന സൗകര്യം ഉണ്ട്.

പ്രധാനമായും 5 വിഷയങ്ങൾക്കാണ് പ്രാഥമിക അംഗീകാരം ലഭിച്ചിരിക്കുന്നത്. തുടർന്നുള്ള വർഷങ്ങളിൽ മറ്റു വിഷയങ്ങളും നമുക്ക് ലഭിക്കുന്നതാണ്. ഇപ്പോൾ താഴെപ്പറയുന്ന വിഷയങ്ങളാണ് അനുവദിച്ചിരിക്കുന്നത്. ഏറെ പ്രഗൽഭനും ദൈവഭക്തനുമായ എസ്.ബി. കോളജിലെ ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റ് തലവനുമായിരുന്ന പ്രൊഫ. ഡോ. ജിജി ജോസഫ് കോളജ് പ്രിൻസിപ്പൽ ആയി വരുവാൻ സമ്മതിച്ചത് വലിയ ഭാഗ്യമായി കരുതുന്നു. മൂല്യബോധമുള്ളതും വിദ്യാസമ്പന്നവുമായ ഒരു തലമുറയെ വാർത്തെടുക്കുവാൻ നമ്മുടെ ഈ സംരംഭത്തിനു കഴിയും. ദൈവം എല്ലാ നന്മകളും തന്ന് അനുഗ്രഹിക്കട്ടെ.

നമ്മുടെ അതിരൂപതയിൽ നിന്നുള്ള കുട്ടികൾ ഇവിടെ പഠിക്കുന്നത് നല്ലതാണ്. ഹോസ്റ്റൽ സൗകര്യങ്ങൾ ഒരുക്കുന്നതാണ്. പ്രാരംഭദശയിലുള്ള കോളജ് എന്ന നിലയിൽ സാമ്പത്തികമായ പല ഞെരുക്കങ്ങളും ഉണ്ട്. അവിടെ ഉന്നതമായ നിലയിൽ പ്രവർത്തിക്കുവാൻ നമുക്കു കഴിയും. നമ്മുടെ ജനത്തിന്റെ ത്യാഗോജ്ജ്വലമായ സമർപ്പണം വലിയ ഒരു കൈത്താങ്ങായിരുന്നു. കെട്ടിടങ്ങളും മറ്റ് സൗകര്യങ്ങളുമെല്ലാം അത്ഭുതകരമായ രീതിയിൽ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ ദൈവം സഹായിച്ചു.

അഭി. സ്തേഫാനോസ് പിതാവ്, ബഹു. ഏബ്രഹാം ചരിവുപുരയിടത്തിൽ അച്ചൻ തുടങ്ങിയ ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. ബഹു. വട്ടമറ്റത്തിൽ ഫിലിപ്പച്ചന്റെ ചടുലമായ നേതൃത്വത്തെ പ്രത്യേകമായി നന്ദിയോടെ ഓർക്കുന്നു. അതുപോലെ ചുരുങ്ങിയ സമയത്തിനുള്ളിൽ ഒരു പ്രതിഫലേച്ഛയും ഇല്ലാതെ കെട്ടിടം പണിതു തന്ന എൻജിനിയർ - കോൺട്രാക്റ്റർ ഫിലിപ്പ് സാർ, സഹപ്രവർത്തകർ എന്നിവരെ നന്ദിയോടെ സ്മരിക്കുന്നു.

നമ്മുടെ അതിരൂപതയിലെ പ്രഥമ ആർട്സ് & സയൻസ് കോളജ് ആണ് സഹ്യജ്യോതി. നമുക്ക് ഒരുമിച്ച് പ്രാർത്ഥിച്ചും പ്രവർത്തിച്ചും ദൈവപദ്ധതി പൂർത്തീകരിക്കാം. ഒരു വർഷത്തേക്കു പ്ലാൻ ചെയ്യുന്നുവെങ്കിൽ നെൽകൃഷിയും പത്തു വർഷത്തേക്കെങ്കിൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുകയും നൂറ്റാണ്ടുകളാണ് വിഭാവന ചെയ്യുന്നതെങ്കിൽ കുട്ടികളിൽ മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ വിത്തുകൾ നിക്ഷേപിക്കുകയും ചെയ്യുവാൻ പഠിപ്പിക്കുന്ന പഴയതലമുറയുടെ കാഴ്ചപ്പാട് സ്വന്തമാക്കാം. എല്ലാവരുടെയും തുടർ സഹകരണം ആവശ്യപ്പെട്ടുകൊണ്ട് പ്രാർത്ഥനാപൂർവ്വം,

**✠ തോമസ് മാർ കൂറിലോസ്**

മെത്രാപ്പോലീത്തൻ ആർച്ച് ബിഷപ്, തിരുവല്ലാ അതിരൂപത

## കോഴ്സുകൾ

- **B.Com (Computer Application)**
- **B.Com (Finance & Taxation)**
- **B.A English Triple Main, (Literature Communication & Journalism)**
- **B.S.W**
- **B.B.A.**